# 'ന്യൂ ഇന്ത്യൻ എക്സ്പ്രസ്സി'ൽ തൊഴിലാളി പീഡനം

**മാധ്യമസ്വാതന്ത്ര്യം നഷ്ടപ്പെടുത്തുന്നതിനെതിരെ, സമൂഹത്തിലെ അസമത്വങ്ങൾക്കും അനീതിക്കുമെതിരെ അനുദിനം വാളോങ്ങുന്ന കുത്തക പത്രങ്ങൾ സ്വന്തം സ്ഥാപനത്തിൽ നടപ്പാക്കുന്ന അസമത്വവും താന്തോന്നിത്തവും പുറത്തധികം അറിയാറില്ല. അത്തരം പ്രശ്നങ്ങൾ പത്രങ്ങളിൽ വാർത്തയാകാറുമില്ല.**

**തൊഴിലാളി വിരുദ്ധതയാണ് ഇന്നത്തെ എല്ലാ പത്രവ്യവസായിയുടേയും പ്രധാനമുഖമുദ്ര. ന്യൂ ഇന്ത്യൻ എക്സ്പ്രസ് (മധുരൈ) മാനേജ്മെന്റ് ആ സ്ഥാപനത്തിൽ ചെയ്തത് ഒരുദാഹരണം. ആ പത്രത്തിലെ തൊഴിലാളി സംഘടന നൽകിയ പ്രസ്താവനകളെ ആസ്പദമാക്കി തയ്യാറാക്കിയ വിവരണം**

**പ്രത്യേക ലേഖകൻ**

വൻകിട മാധ്യമങ്ങളിൽ മുതലാളിമാർ നടത്തുന്ന മനുഷ്യാവകാശ ലംഘനങ്ങളെക്കുറിച്ചും തൊഴിലാളി പീഡനങ്ങളെക്കുറിച്ചും സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ചും ന്യൂനപക്ഷ അവകാശ ലംഘനങ്ങളെക്കുറിച്ചും അഭിപ്രായ സ്വാതന്ത്ര്യനിഷേധങ്ങളെക്കുറിച്ചും പൊതു സമൂഹം അറിയുന്നില്ല. കാരണം സമൂഹത്തിലെ അനീതിക്കെതിരെ അക്ഷരയുദ്ധവും കാഴ്ചായുദ്ധവും നടത്തുന്നവർ, അക്ഷരം നിരത്തുന്നവരുടെ കൈകളും ക്യാമറ പിടിക്കുന്നവന്റെ കൈകളും ചങ്ങലക്കിട്ടിരിക്കുകയാണെന്ന് പറയാൻ ഒരിക്കലും തയ്യാറാവുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല.

വൻകിട മാധ്യമ മുതലാളിമാരും ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്ന 'ജനാധിപത്യത്തിന്റെ സീനിയർ കാവൽ നായ്ക്കളും', ഇത്തരം മുതലാളിമാരുടെ കുട്ടിക്കൊടുപ്പുകാരായി മാനേജർമാരും ചേർന്ന് നടത്തുന്ന മനുഷ്യാവകാശ ലംഘനങ്ങളെക്കുറിച്ചും തൊഴിലാളി പീഡനങ്ങളെക്കുറിച്ചും സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ചും അഭിപ്രായ സ്വാതന്ത്ര്യ നിഷേധങ്ങളെക്കുറിച്ചും പൊതുസമൂഹം അജ്ഞരാണ്. കാരണം, ഇതെല്ലാം വാർത്താവിതരണ സംവിധാനത്തിലെ ബലിമൃഗങ്ങളാക്കപ്പെടുന്നവയാണ്. ബലിമൃഗങ്ങളുടെ അഭിപ്രായത്തിനും രോദനങ്ങൾക്കും സ്ഥാനമില്ലാത്ത ഒരു മാധ്യമ സംസ്കാരം വളരാൻ തുടങ്ങിയിട്ട് കാലമേറെയായെങ്കിലും ഇപ്പോൾ ഈ സംസ്കാരത്തിന്റെ വളർച്ച അമിതവേഗത്തിലാണെന്നതിന്റെ തെളിവാണ് ന്യൂ ഇന്ത്യൻ എക്സ്പ്രസ്സ്, കൈരളി ചാനൽ തുടങ്ങി നിരവധി മാധ്യമ സ്ഥാപനങ്ങളിൽ നടക്കുന്ന തൊഴിലവകാശ നിഷേധങ്ങൾ.

ലോക മാധ്യമ രാക്ഷസൻ റൂപ്പർട്ട് മർഡോക് താൻ വിലക്കെടുത്ത സ്ഥാപനങ്ങളിലെ തൊഴിലാളികളെ അന്യായമായി കൂട്ട പിരിച്ചുവിടൽ നടത്തിയത് ഇവിടെയാർക്കും വാർത്തയായില്ല. ഈ തൊഴിലാളികൾ ലണ്ടനിലെ മർഡോക്കിന്റെ ആസ്ഥാനത്തിന് മുന്നിൽ സത്യാഗ്രഹം നടത്തുമ്പോൾ അവരെ ലോറി കയറ്റി കൊല്ലാൻ മർഡോക്ക് നടത്തിയ ക്രൂരമായ ശ്രമവും ഇവിടെ വാർത്തയായില്ല. കാരണം, പത്രമുതലാളിമാരായ മർഡോക്കും ന്യൂ ഇന്ത്യൻ എക്സ്പ്രസിന്റെ മനോജ്കമാർ സൊന്താലിയയും മലയാളം കമ്യൂണിക്കേഷന്റെ മമ്മൂട്ടിയുമൊക്കെ വാഴ്ത്തപ്പെടാനായി മാത്രം ജന്മമെടുത്തതാണെന്ന തെറ്റായ തോന്നൽ പൊതുസമൂഹത്തിൽ സൃഷ്ടിച്ചെടുത്തിരിക്കുകയാണ്.

ജനകോടികളുടെ കീശയിൽ നിന്ന് പിഴിഞ്ഞെടുക്കുന്ന നികുതിപ്പണം ഉപയോഗിച്ച് വിവിധങ്ങളായ സബ്സിഡികൾ നൽകി, ജനാധിപത്യത്തിന്റെ അവശ്യഘടകമെന്ന നിലയ്ക്ക് വളർത്തിയെടുത്ത മാധ്യമ സ്ഥാപനങ്ങൾ തങ്ങളുടെ വാണിജ്യ സ്വർഗ്ഗങ്ങളാണെന്ന മാധ്യമ മുതലാളിമാരുടെ അഹങ്കാരം ജനങ്ങൾക്ക് നേരെയുള്ള വെല്ലുവിളിയാണ്.

## ന്യൂ ഇന്ത്യൻ എക്സ്പ്രസിന്റെ തൊഴിലാളി വിരുദ്ധത

തട്ടിപ്പുകളിലൂടെയും വെട്ടിപ്പുകളിലൂടെയും ദാനം പറ്റിയും വളർന്ന ചരിത്രമാണ് മിക്ക മാധ്യമ മുതലാളിമാരുടേയും പൂർവ്വാവസ്ഥ. കുടുംബ പ്രശ്നങ്ങളുടെ പേരിൽ രണ്ടായി പിളർന്നുവെന്ന് ജനങ്ങളെയും സർക്കാരിനെയും കോടതികളെയും ബോധ്യപ്പെടുത്തിയെങ്കിലും മുതലാളിമാരുടെ ആവശ്യങ്ങൾക്കെല്ലാം ഇന്നും ഒന്നായി നിൽക്കുന്ന ഇന്ത്യൻ എക്സ്പ്രസിന്റെ തൊഴിലാളി വിരുദ്ധ ചരിത്രത്തിന് അര നൂറ്റാണ്ടിലേറെ പഴക്കമുണ്ട്. പക്ഷെ, ഈയടുത്ത കാലത്ത്, അനുകൂലമായ സർക്കാർ കാലാവസ്ഥയിൽ ഇന്ത്യൻ എക്സ്പ്രസിന്റെ തെക്കൻ വിഭാഗമായ എക്സ്പ്രസ് പബ്ലിക്കേഷൻസ് (മധുരൈ) ലിമിറ്റഡ് ഉടമകളും സീനിയർ പത്രാധിപൻമാരും ഉപദേശികളും മാനേജർമാരും തങ്ങൾ ഇന്ത്യൻ എക്സ്പ്രസിന്റെ മുൻ മുതലാളി പരേതനായ രാമനാഥ് ഗോയങ്കയെക്കാൾ വലിയ മനുഷ്യാവകാശ - തൊഴിലവകാശ ലംഘകരാണെന്ന് തെളിയിക്കാനുള്ള തീവ്രശ്രമത്തിലാണ്.

1988 ൽ നടപ്പിലാക്കിയ ബച്ചാവത് വേജ് ബോർഡിനെതിരെ ഇന്ത്യൻ എക്സ്പ്രസും മറ്റ് ചില വൻകിട പത്രമുതലാളിമാരും സുപ്രീം കോടതിയെ സമീപിച്ചിരുന്നു. വേജ് ബോർഡ് പ്രകാരമുള്ള ശമ്പളം നൽകാൻ വകയില്ല എന്ന ഇവരുടെ വാദം കോടതി അംഗീകരിച്ചില്ല. 'യൂണിറ്റ്' എന്നാൽ ഒരു പത്രത്തിന്റെ വിവിധ എഡിഷനുകളാണെന്ന തെറ്റായ വാദം ഉന്നയിച്ച് വരാനിരിക്കുന്ന മാനിസാന വേജ് ബോർഡിനെ തകിടം മറിക്കാൻ മുന്നിൽ നിന്നത് വേജ് ബോർഡിൽ അംഗമായിരുന്ന ന്യൂ ഇന്ത്യൻ എക്സ്പ്രസ് മുതലാളി സൊന്താലിയയും ഉപദേശകരും ചേർന്നാണ്. 1988 ലെ വേജ് ബോർഡ് പ്രകാരം കോളേജ് അദ്ധ്യാപകരുടെ യൂ.ജി. സി. ശമ്പളത്തോടൊപ്പം നിലവാരമുണ്ടായിരുന്ന പത്രപ്രവർത്തകരുടെ ശമ്പളം 12 വർഷത്തിന്റെ ഇടവേളയ്ക്കുശേഷം നടപ്പാക്കിയ മാനിസാന വേജ് ബോർഡിൽ എത്തിയപ്പോൾ ഗുമസ്ഥന്റെ നിലവാരത്തിലേക്ക് താഴ്ത്തപ്പെട്ടു. പത്രപ്രവർത്തനം ജനാധിപത്യത്തിന്റെ അവിഭാജ്യ ഘടകമെന്നും ഫോർത്ത് എസ്റ്റേറ്റ് എന്നുമൊക്കെ വിളിച്ച് കൂവുന്ന രാഷ്ട്രീയ പാർട്ടികളൊന്നും ഇടത് പാർട്ടികളടക്കം - ഈ നാണം കെട്ട തരംതാഴ്ത്തലിനെതിരെ ഒരക്ഷരം ഉരിയാടിയില്ല.

ഈ സാഹചര്യം നിലനിൽക്കുമ്പോളാണ് ന്യൂ ഇന്ത്യൻ എക്സ്പ്രസിന്റെ വിവിധ സ്ഥലങ്ങളിലുള്ള എഡിഷനുകളെ വേജ്ബോർഡിന്റെ പല ക്ലാസുകളിലായി തരം തിരിച്ച് (1994 ലെ സുപ്രീംകോടതി വിധിയിലെ യൂണിറ്റ് എന്ന പദത്തിന്റെ തെറ്റായ വ്യാഖ്യാനം വഴി) ശമ്പളം വെട്ടിക്കുറക്കാനുള്ള പരിപാടിക്ക് സൊന്താലിയ തുടക്കമിട്ടത്. നേരത്തെതന്നെ മധുരയും ബോംബെയുമൊക്കെയാക്കി പിളർത്തി, വരുമാനം കള്ളക്കണക്ക് ഉണ്ടാക്കി കുറച്ച് കാണിച്ച്, കുറഞ്ഞ ശമ്പളം നൽകിയിരുന്ന ഇന്ത്യൻ എക്സ്പ്രസ് ബച്ചാവത് വേജ് ബോർഡ് പ്രകാരം (1988) ക്ലാസ് ഒന്നിലായിരുന്നുവെങ്കിലും യഥാർത്ഥത്തിൽ ഇതിന്റെ മുകളിലുള്ള ക്ലാസ് ഒന്ന് - എ, ഒന്ന് - ബി എന്നിവയിൽ വരേണ്ട മൊത്ത വരുമാനമുള്ളതായിരുന്നു. കുതന്ത്രങ്ങൾ വഴി ശമ്പളം കുറയ്ക്കുന്ന പതിവ് ഗോയങ്കയുടെ സ്ഥിരം പരിപാടിയായിരുന്നു. മാനിസാന സിങ്ങ് വേജ് ബോർഡ് പ്രകാരം ഗുമസ്ഥാവസ്ഥയിലാക്കപ്പെട്ട ശമ്പളം പോലും നൽകാതിരിക്കാൻ, 1994 ലെ സുപ്രീംകോടതിവിധി തെറ്റായി വ്യാഖ്യാനിച്ച് ഓരോ എഡിഷനും ഓരോ യൂണിറ്റാണെന്ന് പറഞ്ഞ് പെട്ടെന്നൊരു സുപ്രഭാതത്തിൽ സൊന്താലിയ സംഘം നോട്ടീസ് ഇറക്കുകയായിരുന്നു. എന്നാൽ വേജ് ബോർഡിലെയും സുപ്രീംകോടതി വിധിയിലെയും യൂണിറ്റ് എന്ന പദം ഒരേ മാനേജ്മെന്റിന്റെ കീഴിലുള്ള വ്യത്യസ്ത കമ്പനികൾ (സ്ഥാപനങ്ങൾ) എന്നാണ് അർത്ഥമാക്കുന്നത്.

ന്യൂ ഇന്ത്യൻ എക്സ്പ്രസിന്റെ കൊച്ചി എഡിഷനെ ക്ലാസ് ഒന്നിൽ തന്നെ നിലനിർത്തുകയും തിരുവനന്തപുരം, കോഴിക്കോട് എഡിഷനുകളെ ക്ലാസ് മൂന്നിലേക്ക് മാറ്റുകയും ചെയ്തതിനെതിരെ (ഇന്ത്യൻ എക്സ്പ്രസിന്റെ കേരള എഡിഷനുകളിൽസ്വന്തം യൂണിയൻ നിലവിലില്ലാത്തതിനാൽ) കേരള പത്രപ്രവർത്തക യൂണിയനും കേരള ന്യൂസ് പേപ്പർ എംപ്ലോയീസ് ഫെഡറേഷനും ചേർന്ന് നടപടികളും ഹൈക്കോടതിയിൽ കേസും കൊടുത്തതിന്റെ അടിസ്ഥാനത്തിൽ, ചില സൂക്ഷ്മമായ നിയമപ്രശ്നങ്ങളിൽതന്നെ കുടുങ്ങി സൊന്താലിയ സംഘം ക്ലാസ് താഴ്ത്തൽ പിൻവലിച്ചു. എന്നാൽ, അധികം വൈകാതെ നിയമപ്രശ്നങ്ങൾ പരിഹരിച്ച് (ആവശ്യമായ മുൻകൂർ നോട്ടീസ് നൽകിയില്ല എന്നതായിരുന്നു ആദ്യ നോട്ടീസിന്റെ മുഖ്യ നിയമപ്രശ്നം) വീണ്ടും പഴയ ഉത്തരവ് നൽകി.

ഏകദേശം പത്ത് വർഷമായി കേരളത്തിലെ ഇന്ത്യൻ എക്സ്പ്രസ് സ്ഥാപനങ്ങളിൽ തൊഴിലാളി യൂണിയൻ നിലനിൽക്കുന്നില്ലായിരുന്നു. അവസാനം നിലനിന്നിരുന്ന യൂണിയൻ (കൊച്ചിയിൽ മാത്രമായിരുന്നു അന്ന് എഡിഷൻ) ഡോ. സെബാസ്റ്റ്യൻ പോളിന്റെ നേതൃത്വത്തിലായിരുന്നു. മാനേജ്മെന്റിൽനിന്ന് പാരിതോഷികം സ്വീകരിച്ച് അദ്ദേഹം തന്നെ അത് പൊളിച്ചുവെന്നാണ് അതിലെ അംഗങ്ങൾ പറഞ്ഞത്. പുതിയൊരു തൊഴിലാളി യൂണിയൻ വരുന്നത്, യൂണിയനുകളെ പൊളിച്ചും തൊഴിലാളികളെ പീഡിപ്പിച്ചും അനുഭവസമ്പത്ത് നേടിയ എക്സ്പ്രസ് മാനേജ്മെന്റിന് സഹിക്കുമായിരുന്നില്ല.

ഈ സാഹചര്യത്തിലാണ് കോഴിക്കോട് എഡിഷനിൽ ലേഖകനായ ലത്തീഫ് കിഴിശ്ശേരിയെ പ്രസിഡണ്ടാക്കി 2000 മെയ് 13 ന് ന്യൂ ഇന്ത്യൻ എക്സ്പ്രസ് എംപ്ലോയീസ് അസോസിയേഷൻ എന്ന പേരിൽ തൊഴിലാളി സംഘടനയുണ്ടാക്കി തരംതാഴ്ത്തലിനെതിരെ സമരനടപടികൾ ആരംഭിച്ചത്.

(തുടരും)